## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

അടിയന്തിര ചോദ്യം 18-02-2013 -ൽ മറുപടിക്ക്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മദ്യഷാപ്പ് ലൈസൻസ് നൽകുന്നതിനുള്ള അധികാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ : | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുതിയ മദ്യഷാപ്പ് ലൈസൻസ് അനുവദിക്കുന്നതിന് അധികാരം നൽകിയിട്ടുണ്ടോ? | (എ) | ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രേഖാമൂലമുള്ള മുൻകൂർ അനുമതിയോടെ മാത്രമേ പുതിയ മദ്യഷാപ്പുകൾക്ക് ലൈസൻസ് അനുവദിക്കാൻ കഴിയുകയുള്ളൂ. |
| (ബി) | എങ്കിൽ സംസ്ഥാനത്തെ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മദ്യഷാപ്പുകൾ സ്ഥാപിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ? | (ബി) | ഉണ്ട്.<br>(1) ചേലക്കര ഗ്രാമപഞ്ചായത്ത്-തൃശ്ശൂർ ജില്ലയിലെ മേപ്പാടം എന്ന സ്ഥലത്തുള്ള അരമന എന്ന ഹോട്ടലിന്.<br>(2) പൂവാർ ഗ്രാമപഞ്ചായത്ത്-തിരുവനന്തപുരം ജില്ലയിലെ പൂവാർ എന്ന സ്ഥലത്തുള്ള ഹോട്ടൽ ഗീതു ഇന്റർനാഷണലിന്.<br>(3) പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്-എറണാകുളം ജില്ലയിലെ കോതമംഗലം പൈങ്ങോട്ടൂർ എന്ന സ്ഥലത്തുള്ള ഹോട്ടൽ സേവിയേഴ്സ് അവന്യൂ (പ്രൈ) ലിമിറ്റഡിന്.<br>(4) നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്-എറണാകുളം ജില്ലയിലെ അത്താണി എന്ന സ്ഥലത്തുള്ള ഹോട്ടൽ എയർലിങ്ക് കാസിലിന്.<br>(5) രായമംഗലം ഗ്രാമപഞ്ചായത്ത്-എറണാകുളം ജില്ലയിലെ കുറുപ്പംപടി എന്ന സ്ഥലത്തുള്ള ഹോട്ടൽ ഹാമിൽട്ടൺ റെസിഡൻസി (പ്രൈ) ലിമിറ്റഡിന്.<br>(6) കാവലങ്ങാട് ഗ്രാമപഞ്ചായത്ത്-എറണാകുളം ജില്ലയിലെ നേര്യമംഗലം എന്ന സ്ഥലത്തുള്ള ഹോട്ടൽ നീലാംബരി സ്യൂട്ടിന്.<br>(7) കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് കൊല്ലം ജില്ലയിലെ പുലമൺ എന്ന സ്ഥലത്തുള്ള ഹോട്ടൽ അമ്പലക്കര റീജെൻസിക്ക്.<br>(8) ഹരിപ്പാട് ഗ്രാമപഞ്ചായത്ത്-ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് എന്ന സ്ഥലത്തുള്ള റോയൽ ഗോർഡൻസ് ഹോട്ടൽ & റിസോർട്ട്സിന്. |

(9) പത്തനംതിട്ട മുനിസിപ്പാലിറ്റി-പത്തനം തിട്ട ജില്ലയിലെ കുമ്പഴയിലുള്ള ഹോട്ടൽ ഹിൽസ് പാർക്കിന്.

(10) വടവുക്കോട് - പുത്തൻക്രൂസ് ഗ്രാമ പഞ്ചായത്ത്-എറണാകുളം ജില്ലയിലെ കരി മുകൾ എന്ന സ്ഥലത്തുള്ള കബനി റീജെൻസിക്ക്.

(11) മുളക്കുളം ഗ്രാമപഞ്ചായത്ത്-കോട്ട യം ജില്ലയിലെ പെരുവ എന്ന സ്ഥലത്തുള്ള കാസിൽ റീജൻസിക്ക്.

(12) പറളി ഗ്രാമപഞ്ചായത്ത്-പാലക്കാട് ഇടത്തറ എന്ന സ്ഥലത്തുള്ള ചിത്രാപുരി ഹോട്ടൽസ് ഇന്ത്യാ (പ്രൈ) ലിമിറ്റഡിന്.

(സി) ഇപ്രകാരം ലഭിച്ച എത്ര അനുമതി കൾ എക്സൈസ് കമ്മീഷണർക്ക് ലഭി ച്ചിട്ടുണ്ട്; അതിന്മേൽ എക്സൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ എന്താണെന്ന് വെളിപ്പെടുത്താമോ?

(സി) 12 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 9 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകി യിട്ടുണ്ട്. സർക്കാരിന്റെ അബ്കാരി നയത്തി ന്റെ ഭാഗമായി, ബാർ ലൈസൻസുകൾ നൽ കുന്നത് സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഒരു ഏകാംഗ കമ്മീഷനെ നിയമിച്ച സാഹചര്യത്തിൽ, പുതുതായി ബാർ ലൈസൻസുകൾ ഒന്നും തന്നെ നൽകേണ്ടതില്ലെന്ന് സർക്കാർ താത്കാലികമായി തീരുമാനിച്ചിരിക്കുന്നതി നാൽ, 3 അപേക്ഷകളിന്മേലുള്ള തുടർ നടപടികൾ തൽക്കാലത്തേക്ക് നിർത്തി വച്ചിരിക്കുകയാണ്.

സെക്ഷൻ ആഫീസർ